# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5012** — **06.02.2014-ൽ മറുപടിയ്ക്ക്**

**പി.എസ്.സി.യുടെ പുതിയ വെബ്സൈറ്റ്**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. അൻവർ സാദത്ത് :<br>" ഡൊമിനിക് പ്രസന്റേഷൻ:<br>" ഐ.സി.ബാലകൃഷ്ണൻ:<br>" ഷാഫി പറമ്പിൽ: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) പി.എസ്.സി.യുടെ പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പി.എസ്.സി.യുടെ പുതിയ വെബ് സൈറ്റിന്റെ പ്രവർത്തനം 04.02.2013 മുതൽ ആരംഭിച്ചു. |
| ബി) ഇതിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | ഉണ്ട്. നിലവിൽ വിവരങ്ങളെല്ലാം ലഭ്യമാക്കുന്നതും, അപേക്ഷ സ്വീകരിക്കുന്നതും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതും പുതിയ വെബ് സൈറ്റിലൂടെയാണ്. |
| സി) പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതു വരെ പഴയ സൈറ്റിന്റെ പ്രവർത്തനം തുടരുമോ; വിശദമാക്കുമോ; | (സി) | പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം പൂർണ്ണമായതിനാൽ പഴയ സൈറ്റിന്റെ പ്രവർത്തനം 01.02.2014 മുതൽ അവസാനിപ്പിക്കുവാൻ കമ്മീഷൻ തീരുമാനിച്ചു. |
| ഡി) ഇത് സംബന്ധിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കിടയിൽ സൃഷ്ടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പുതിയ വെബ്സൈറ്റിന്റെ പ്രവർത്തനം നിലവിൽ വന്നത് സംബന്ധിച്ച് വിവിധ പത്ര മാധ്യമങ്ങളിൽ പത്രക്കുറിപ്പ് നല്കിയിട്ടുണ്ട്. പി.എസ്.സി. ബുള്ളറ്റിന്റെ |

. . . .2)

: 2 : ഒന്നാം പേജിൽ പുതിയ വെബ്സൈറ്റിന്റെ വിലാസം നൽകുന്നുണ്ട്. കൂടാതെ പി.എസ്.സി വെബ്സൈറ്റിലൂടെ ഓൺ ലൈൻ വഴി രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ച് വിശദമായ ലേഖനം 15.08.2013, 01.09.2013, 01.10.2013, 01.02.2014 എന്നീ തീയതികളിലെ പി.എസ്.സി. ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ